

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: **dopkd.ksad@kerala.gov.in**
ഫോൺ : **0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD.19/1837/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/11/2022
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

(ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD.19/1837/22 തീയ്യതി: 29/11/2022

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-09-2021 മുതൽ 09-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശശിഭൂഷൻ.ഇ	ഡെപ്യൂട്ടി ഡയറക്ടർ	10-08-2022	22-08-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-08-2022	22-08-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(HG)
ശ്രീമതി.കെ.ആർ.രമാദേവി, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.എ.കെ.ജിജീഷ്, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഗീത.കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പി.എസ്.ശിവദാസൻ	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ.ഗിരീഷ്.ഇ.വി	സെക്രട്ടറി	01-04-2021	30-06-2021
ശ്രീ.സുനിൽകുമാർ.സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-07-2021	04-07-2021
ശ്രീമതി.ചന്ദ്രിക.എ	സെക്രട്ടറി	05-07-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സുധ.എസ്	അസി.എഞ്ചിനിയർ	01-04-2021	18-04-2021
		28-04-2021	31-01-2022
		07-02-2022	31-03-2022
ശ്രീ.ഷെഫീഖ്.വൈ	അസി.എഞ്ചിനിയർ	19-04-2021	27-04-2021
ശ്രീമതി.ടിന്റു.എൻ.പി	അസി.എഞ്ചിനിയർ	01-02-2022	06-02-2022
ശ്രീമതി.ശ്രീധു.പി.പ്രേമൻ	കൃഷി ഓഫീസർ	01-04-2021	22-10-2021
ശ്രീമതി.അശ്വതി.സി	കൃഷി ഓഫീസർ	23-10-2021	31-03-2022
ശ്രീമതി.കലാവതി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2021	09-12-2021
ശ്രീമതി.സിമി.എം.പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	10-12-2021	31-03-2022
ശ്രീ.സിന്ധു.കെ	വി.ഇ.ഒ-1	01-04-2021	10-08-2021
ശ്രീ.നിജാമുദീൻ.എ	വി.ഇ.ഒ-1	11-08-2021	31-03-2022
ശ്രീ.തങ്കരാജ്.പി	വി.ഇ.ഒ-2	01-04-2021	31-03-2022
[ഡോ.ഷെമി.വി.എസ്	വെറ്ററിനറി സർജ്ജൻ	01-04-2021	05-11-2021
ഡോ.ബാബു.എം.പി	വെറ്ററിനറി സർജ്ജൻ	06-11-2021	31-03-2022

ഡോ.അജിതകുമാരി	മെഡിക്കൽ ഓഫീസർ(PHC)	01-04-2021	31-03-2022
ഡോ.അമ്മു.ബി.ബി	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2021	21-06-2021
ഡോ.രാജാഹരിപ്രസാദ്.എ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	22-06-2021	09-08-2021
ഡോ.പ്രവീൺ.എൻ.ബി	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	10-08-2021	05-09-2021
ഡോ.ബിഷ്ണു.എസ്.പ്രസാദ്	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	06-09-2021	07-12-2021
ഡോ.സ്മിത	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	07-12-2021	28-02-2022
ഡോ.ബർബീഷ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-03-2022	31-03-2022
ശ്രീ.മനോജ്	ഫിഷറീസ് എക്സ്ടൻഷൻ ഓഫീസർ	01-04-2021	17-07-2021
ശ്രീ.രാജേഷ്	ഫിഷറീസ് എക്സ്ടൻഷൻ ഓഫീസർ	18-07-2021	31-03-2022
ശ്രീ.സുദർശനൻ	ഡി.ഇ.ഒ	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക കണക്കിലെ അപാകതകൾ	1-2-1
3	വാർഷിക ധനകാര്യപത്രിക	1-2
4	സാമ്പത്തിക വിശകലനം	1-3
5	ഫണ്ട് വിനിയോഗം	1-4
6	പദ്ധതി അവലോകനം	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമ പദ്ധതികൾ	1-7
9	ക്യാഷ് പരിശോധന	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
12	കെട്ടിട നിർമ്മാണ പെർമിറ്റ് - രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ	1-11-1
13	അംഗീകരിക്കാത്ത അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല	1-11-2
14	പെർമിറ്റ് അനുവദിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല	1-11
15	നിലവിലുള്ള കെട്ടിടത്തിന്റെ കുട്ടിചേർക്കലിന് വസ്തു നികുതി ഈടാക്കിയിട്ടില്ല	1-12
16	വസ്തു നികുതി - എം.എസ്.എം.ഇ കളുടെ ക്യത്യത ഉറപ്പാക്കേണ്ടതാണ്	1-13-1
17	വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ തിരുത്തൽ വരുത്തിയിട്ടില്ല	1-13-2
18	വസ്തു നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ	1-13
19	ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല	1-14-1
20	സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല	1-14-2
21	ലൈസൻസ് അനുവദിക്കാതെ പെട്രോൾ പമ്പ് പ്രവർത്തിച്ചു വരുന്നു	1-14-3
22	ലൈസൻസ് അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല	1-14-4
23	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ	1-14
24	മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ല	1-15
25	സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി - തെരുവുവിളക്കുകളുടെ ക്യത്യമായ കണക്കില്ലാതെ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യുന്നു	1-16

26	ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കിയില്ല-ഗുണഭോക്തൃ വിഹിതം തിരികെ നല്കേണ്ടതാണ്	1-17
27	SSK-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-18
28	വാട്ടർ അതോറിറ്റിയിലേക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-19
29	വാതക ശ്മശാനത്തിനായി വാങ്ങിയ ഫർണസ് പൂർണ്ണമായും ഉപയുക്തമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്	1-20
30	ST കമ്മ്യൂണിറ്റി ഹാളിന് സോളാർ പാനൽ - ലക്ഷ്യപ്രാപ്തി ഉറപ്പാക്കേണ്ടതാണ്	1-21
31	വനിതകൾക്ക് ഡെയ്ഞ്ച വിതരണം-കെയ്കോയിൽ നിന്ന് നേരിട്ട് വാങ്ങി	1-22
32	ആർട്ട്കോ യിൽ നിന്നുള്ള വാങ്ങലിന്മേൽ ജി എസ് ടി-ടി.ഡി.എസ് നടത്തിയില്ല	1-23
33	അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് നടത്തിയില്ല	1-24
34	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ	1-25
35	ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്	1-26
36	മേൽപ്പുര റിപ്പയർ - പദ്ധതി ആസൂത്രണം, നടത്തിപ്പ് - അപാകങ്ങൾ	1-27
37	മാലിന്യ സംസ്കരണത്തിന് വ്യക്തിഗത ബയോബിൻ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-28
38	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- അപാകങ്ങൾ	1-29
39	ക്ഷീര സഹകരണ സംഘങ്ങൾ സമർപ്പിച്ച ബാങ്ക് അക്കൗണ്ട് നമ്പറും തുക ക്രെഡിറ്റ് ചെയ്ത അക്കൗണ്ട് നമ്പറും തമ്മിൽ വ്യത്യാസം	1-30-1
40	ഗുണഭോക്താക്കൾ മാറി സബ്സിഡി തുക നൽകി	1-30-2
41	ഭാഗികമായ കാലയളവിലേക്ക് മാത്രം സബ്സിഡി നൽകി	1-30
42	എം.എൻ.ആർ.ഇ.ജി.എസ്-സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരുടെ ബില്ലുകളിൽ നിന്നും ജി എസ് ടി-ടി ഡി എസ് നടത്തിയില്ല	1-31
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2

3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക്-വിവിധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച **'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനവൽ'** അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാനവൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിടുണ്ട്.

07-03-2022 ലെ തീരുമാനം നം. 2 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	79,15,566
തൻവർഷം വരവ്	39,71,32,000
ആകെ വരവ്	40,50,47,566
ചെലവ്	34,52,73,000
നീക്കിയിരിപ്പ്	1,07,90,566

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള നികുതി-നികുതിയേതര വരവും വാർഷിക കണക്ക് പ്രകാരമുള്ള നികുതി-നികുതിതേയര വരവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രകാരം	യഥാർത്ഥ തുക
തൻവർഷത്തെ നികുതി-നികുതിയേതര വരവ്	7039000	3333068

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied Fund ൽ നിന്നും അധികം തുക ചെലവഴിച്ചു

തൻവർഷത്തെ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied, Tied) എന്നിവ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. അൺടൈഡ് ഗ്രാന്റിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന 51759/- രൂപ Tied ഗ്രാന്റ് നിന്നും വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

2. ജോയിന്റ് വെഞ്ചർ പ്രൊജക്ടുകൾക്കായി ലഭ്യമാകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നില്ല

2017-18 വർഷത്തിൽ ഗ്യാസ് ക്രമറ്റോറിയത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായ തുക 27123/- രൂപ ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ഇതേ ഇനത്തിൽ തൻവർഷം ലഭ്യമായ തുകയിൽ 523200/- രൂപയും ചെലവഴിക്കുവാൻ അവശേഷിക്കുന്നുണ്ട്.

2018-19 വർഷത്തിൽ ഭവന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ലഭ്യമായ 5,00,000/- രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു.

2019-20 വർഷത്തിൽ വൃദ്ധർക്ക് കട്ടിൽ എന്ന പ്രൊജക്ടിനായി ലഭ്യമായ 67362/- രൂപ നിഷ്ക്രിയാവസ്ഥയിലാണ്.

3. പണമാക്കാത്ത ചെക്കുകൾ ക്രമീകരിച്ചിട്ടില്ല

പട്ടഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ (അക്കൗണ്ട് നമ്പർ - 1020101028) ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 22-10-2019 മുതൽ 31.03.2022 വരെ പണമാക്കാത്ത ചെക്കുകളിലായി (Cheques Issued But Not Presented Into Bank) 10415/- രൂപ നിലനില്ക്കുന്നുണ്ട്. 2021-22 ലെ വാർഷിക ധനകാര്യ പത്രികയിൽ പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്നു മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ പണമാക്കാത്ത ചെക്കുകൾ Liability In Respect Of Stale Cheque എന്ന എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

4. ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പായി അവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 455797/- രൂപ നീക്കിയിരിപ്പുണ്ട്. തുകകൾ ഉപയോഗിച്ച് പദ്ധതി നടപ്പാക്കാത്തപക്ഷം ആയത് തിരികെ ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 21/19-08-2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2021-22	31-7-2022	30-04-2022	-	-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	16417450
വരവ്	101817931
ആകെ	118235381
ചെലവ്	95717070

നീക്കിയിരിപ്പ്	22518311

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക
വികസനഫണ്ട് -ജനറൽ	0	12147249	12147249	11775647	371602
വികസനഫണ്ട് -എസ്.സി.പി	0	15176134	15176134	13038407	2137727
വികസനഫണ്ട് -ടി.എസ്.പി	0	856885	856885	794641	62244
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	25813086	25813086	15204174	10608912
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	7197870	7197870	3419688	3778182
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്-New	0	3066000	3066000	3117759 (**)	(-)51759 (**)
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്-Spillover	0	1603275	1603275	965973	637302 (ലാപ്സ് ആയി)
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New	0	4599000	4599000	1800724	2798276 (ബാങ്കിൽ)
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover	0	5711459	5711459	3817665 (*)	1893794 (ലാപ്സ് ആയി)

(*) യഥാർത്ഥ ചെലവായ 3854775 രൂപയിൽ 37110 രൂപ റിക്കവറി ഇനത്തിലുള്ളതാണ്.

(**) ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള അൺടൈഡ് തുകയിൽ യഥാർത്ഥത്തിൽ ചെലവഴിക്കാമായിരുന്ന തുകയേക്കാൾ 51759 രൂപ അധികം പിൻവലിച്ചിട്ടുണ്ട്. 51759 രൂപ CFC ടൈഡ് ഗ്രാന്റിൽ നിന്നും വകമാറ്റിയിട്ടുണ്ട്. പലിശ 47740 രൂപയും അധികമായി ചെലവഴിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതം

എ)

ICDS-കേന്ദ്ര വിഹിതം	812473	1130196	1942669	1598663	344006
Sanitation	2616076	0	2616076	1490401	1125675

ബി) തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കി

					യിരിപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	11413	699738	711151	711144	7
തൊഴിലാളികളുടെ വേതനം	0	63850385	63850385	63850385	0
ആകെ	11413	64550123	64561536	64561529	7

സംസ്ഥാനാവിഷ്കൃാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സമ്പൂർണ്ണ ശുചീത്വം	1078000	0	1078000	0	1078000
ശുചിത്വ മിഷൻ ഗ്രാന്റ്	894970	160000	1054970	708464	346506

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
162	132577870	122	75123034	-	0	75

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകളുടേയും നടപ്പാക്കിയ പ്രോജക്റ്റുകളുടേയും വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	5	5	21971458	12157658	55
വെറ്ററിനറി സർജ്ജൻ	12	10	4749900	3393652	71
മെഡിക്കൽ ഓഫീസർ-PHC	3	3	1142069	848930	74
മെഡിക്കൽ ഓഫീസർ-ആയുർവേദം	1	1	500000	500000	100
ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	1	861000	196400	23
വി.ഇ.ഒ -1	5	5	22576180	8670000	38
വി.ഇ.ഒ -2	11	10	8135900	4754637	58
ഐ.സി.ഡി.എസ് സൂപ്പർവൈസർ	11	10	7337954	5685864	77
സെക്രട്ടറി	47	36	25955470	18229407	70
അസിസ്റ്റന്റ് എഞ്ചിനീയർ	64	40	38747939	20486486	53

ഡയറ്റി എക്സ്ടൻ ഷൻ ഓഫീസർ	2	1	600000	200000	33
ആകെ	162	122	132577870	75123034	578

1-6 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ആഡ്മിനിസ്ട്രേറ്റിവ് ചെലവ്	11413	699738	711151	711144	7
തൊഴിലാളികളുടെ വേതനം	0	63850385	63850385	63850385	0
ആകെ	11413	64550123	64561536	64561529	7

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	തൊഴിൽരഹിത വേതനം	0	0
2	കർഷക തൊഴിലാളി പെൻഷൻ	8,098,400	494
3	വിധവാ പെൻഷൻ	19,833,200	1304
4	വാർദ്ധക്യകാല പെൻഷൻ	32,281,200	2303
5	വികലാംഗ പെൻഷൻ	4,207,900	268
6	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	1,369,400	90

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-08-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8817/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

സംയുക്ത പ്രോജക്റ്റിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക

വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിച്ചിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.
വിവിധ പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃ വിഹിതം സമയബന്ധിതമായി ചെലവഴിക്കാതിരുന്നിട്ടും അവ തിരികെ നൽകുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല.
ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വകമാറ്റു വകമാറ്റുവാനിടയായത് മേൽനോട്ടക്കുറവുമൂലമാണെന്ന് വിലയിരുത്തുന്നു.
2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.
ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ജൂലൈ 2018 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് ജൂലൈ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല.

1-11-1 കെട്ടിട നിർമ്മാണ പെർമിറ്റ് - രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

കെ.പി.ബി.ആർ പ്രകാരമുള്ള രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-11-2 അംഗീകരിക്കാത്ത അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം പെർമിറ്റ് അപേക്ഷയിന്മേൽ അധിക വിവരങ്ങളോ, അധിക രേഖയോ ലഭ്യമായ തീയതി മുതൽ 15 ദിവസത്തിനകം സെക്രട്ടറി രേഖാമൂലമുള്ള ഉത്തരവിനാൽ അനുമതി നൽകുകയോ, ചട്ടം 11 ലെ എന്തെങ്കിലും കാരണത്താൽ അനുമതി നിഷേധിക്കുകയോ ചെയ്യേണ്ടതും വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. പെർമിറ്റ് അനുവദിക്കാത്ത അപേക്ഷകൾ പരിശോധിച്ചതിൽ രേഖകളും വിവരവും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കിയതിന് രേഖകളില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നമ്പർ/ തീയതി	അപേക്ഷകന്റെ പേര്/വിലാസം
1	എ5/1510/21 തീ 10.03.2021	സുരേഷ്, വീളക്കനാംകോട്, പട്ടഞ്ചേരി
2	എ5/5518/21 തീ	ഹരിഷ് കുമാർ, പള്ളാത്താംപുള്ളി

	29.12.2021	
3	എ5/3005/21 തീ 27.07.2021	നടരാജൻ, നെല്ലിമേട്, കന്നിമാരി

ഓഡിറ്റ് അന്വേഷണം നം. 11/16.08.2022 നുള്ള മറുപടിയിൽ പെർമിറ്റ് അപേക്ഷകളിൽ ന്യൂനതകൾ പരിഹരിക്കുന്നതിന് അതാത് അപേക്ഷകർക്ക് കത്ത് നല്കിയതായും ആയത് പരിഹരിച്ച് നല്കുന്ന മുറയ്ക്ക് മാത്രമാണ് ഫയലിൻ മേൽ തുടർനടപടി സ്വീകരിക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്. നാളിതുവരെ അപേക്ഷ പുനർസമർപ്പിക്കാത്തതു കൊണ്ടാണ് നടപടി സ്വീകരിക്കാതിരുന്നത്. അപേക്ഷയിന്മേൽ പരിശോധന നടത്തി അടിയന്തിരമായി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അധിക വിവരങ്ങളോ, അധിക രേഖയോ ലഭ്യമാക്കാത്ത അപേക്ഷയിന്മേൽ ചട്ടം 11 ലെ ഏതു കാരണത്താലാണ് അനുമതി നിഷേധിച്ചിട്ടുള്ളതെന്ന് രേഖാമൂലം അപേക്ഷകനെ സമയബന്ധിതമായി അറിയിക്കേണ്ടതാണ്.

1-11 പെർമിറ്റ് അനുവദിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം സൈറ്റ് പ്ലാൻ അംഗീകാരത്തിനുള്ള അപേക്ഷ ലഭ്യമായതിനു ശേഷം ആയത് അംഗീകരിച്ചതിന്റെയോ നിരസിച്ചതിന്റേയോ വിവരം അപേക്ഷകനെ അറിയിക്കേണ്ട കാലയളവ് 30 ദിവസത്തിൽ നിന്നും 15 ദിവസമായി കുറച്ചിട്ടുണ്ട്. പെർമിറ്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും പെർമിറ്റുകൾ അനുവദിച്ചതിൽ സമയപരിധി പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ കെടുക്കുന്നു.

ഫയൽ നമ്പർ/ തീയതി	അപേക്ഷകന്റെ പേര്/വിലാസം	എൽ.എസ്.ജി.ഡിക്ക് കൈമാറിത്	എൽ.എസ്.ജി.ഡിയിൽ നിന്നും തിരികെ ലഭിച്ചത്	അധിക വിവരങ്ങൾ അവശ്യപ്പെട്ട് അറിയിപ്പ് നല്കിയത്	ന്യൂനത പരിഹരിച്ച് പുനർ സമർപ്പിച്ചത്	പെർമിറ്റ് നമ്പർ/ തീയതി
എ5/5064/21 തീ 01.12.21	വിജയകുമാർ.പി പള്ളാത്താംപുള്ളി (പാർപ്പിടാവശ്യം)	3/12/21	28/12/21	1/1/2022	12/01/22	BA(41768) 2022 തീ 3/02/2022
എ5/5236/21 തീ 9.12.21	നൂർജഹാൻ ആറാംപാടം വാണിജ്യാവശ്യം	13/12/21	13/01/22	15/01/22	25/1/22	BA(52790) 2022 തീ 11/02/2022
എ5/536721 തീ 18.12.21	സുകുമാരൻ പതിക്കാട്ടുചള്ള (പാർപ്പിടാവശ്യം)	20/12/21	24/01/22	-	-	BA(42064) 2022 തീ 3/02/2022
എ5/545421 തീ 24.12.21	സുരേഷ് നന്ദിയോട്	29/12/21	19/01/22	-	-	BA(44612) 2022 തീ 4/02/2022

ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണം 11/16.08.2022 ന് മറുപടി ലഭ്യമാക്കിയതിൽ സാമ്പത്തിക വർഷത്തിലെ അവസാന മൂന്ന് മാസങ്ങളിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട തിരക്കുകൾ കാരണം എൽ.എസ്.ജി.ഡി വിഭാഗത്തിൽ നിന്നും സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസം വന്നതുകൊണ്ടാണ് സമയപരിധിക്കുള്ളിൽ പെർമിറ്റ് നല്കാൻ കഴിയാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതല്ല. പെർമിറ്റ് അനുവദിക്കുവാൻ ചട്ടപ്രകാരമുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 നിലവിലുള്ള കെട്ടിടത്തിന്റെ കൂട്ടിചേർക്കലിന് വസ്തു നികുതി ഈടാക്കിയിട്ടില്ല

കനകലത, മൂപ്പൻചള്ള കളം, നന്നിയോട് എന്നവർ 17-4-21 തീയതിയിൽ നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് നടത്തിയ നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (ഫയൽ നം.എ5/1822/21). ഓവർസിയറുടെ 3-5-2021 ലെ റിപ്പോർട്ട് പ്രകാരം പ്ലാനിലെ കോൺക്രീറ്റ് കെട്ടിടത്തിനു പകരം സ്ഥല പരിശോധനയിൽ മേൽക്കൂര ഷീറ്റ് കൊണ്ട് പണി പൂർത്തികരിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്ലാനിൽ നിലവിലെ കെട്ടിടമായ 7/40 നോടാണ് പുതിയ നിർമ്മാണം നടന്നതായി കാണിച്ചിരിക്കുന്നത്.

4-8-2021 തീയതിയിലെ സെക്രട്ടറിയുടെ എ5/1822/21 നമ്പർ കത്ത് പ്രകരം ന്യൂനത പരിഹരിച്ച് രേഖാമൂലം അറിയിക്കാത്തതിനാൽ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതല്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

പുതിയ അപേക്ഷ സമർപ്പിച്ച് നിർമ്മാണം ക്രമവത്ക്കരിച്ചു നൽകിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 18/19.08.2022 ന് പ്രസ്തുത അപേക്ഷയിൽ ന്യൂനതകൾ ഉള്ളതിനാൽ അപേക്ഷ പുനർസമർപ്പിക്കാൻ കത്ത് നല്കിയിട്ടുള്ളതാണെന്നും നാളിതുവരെയായി അപേക്ഷ സമർപ്പിച്ചിട്ടില്ലെന്ന അറിയിച്ചിട്ടുണ്ട്. 7/40 നമ്പർ കെട്ടിടത്തിന്റെ സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കുന്നതാണെന്നറിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-1 വസ്തു നികുതി - എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

എസ്.ആർ.ഒ.നം.100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-02-2015) പ്രകാരം എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപനപ്രകാരമുള്ള 20 രൂപ അടിസ്ഥാന നികുതിയായി നിരക്കു നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ ഒരു കെട്ടിടവും MSME വിഭാഗത്തിൽ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് സഞ്ചയ ഡാറ്റ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

MSME Development Act, 2006 പ്രകാരം (കേന്ദ്ര നിയമം) MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് യഥാർത്ഥ എം.എസ്.എം.ഇ.കൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ടപ്രകാരം നിർണ്ണയിക്കേണ്ട വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

എം.എസ്.എം.ഇ.കൾ സഞ്ചയ സോഫ്റ്റ്വെയറിൽ മറ്റു വ്യവസായ സ്ഥാപനങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ ബാധകമായ നിരക്കിൽ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-13-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ തിരുത്തൽ വരുത്തിയിട്ടില്ല

പ്രജേഷ്, കല്ലാണ്ടിചള്ള എന്നയാൾ 9/120 നമ്പർ കെട്ടിടത്തിൽ കള്ള് ഷാപ്പ് നടത്തുന്നതിനായി 25.03.2021 പഞ്ചായത്തിൽ ലൈസൻസ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് (ഫയൽ നം.എ)4-1130/21). സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പ്രസ്തുത കെട്ടിടം പാർപ്പിടാവശ്യം എന്ന ഉപയോഗ ക്രമത്തിൽ മുരുകൻ, S/O.മാണിക്കൻ, പൂളമട, വണ്ടിത്താവളം എന്നയാളുടെ പേരിലാണ് ഉൾപ്പെട്ടിട്ടുള്ളത്. സെക്രട്ടറിയുടെ 03/05/2021 ലെ എ)4-1130/21 നം. കത്ത് പ്രകാരം പഞ്ചായത്ത് രേഖകളിൽ പാർപ്പിടാവശ്യം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയത് വാണിജ്യാവശ്യം എന്ന് മാറ്റിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനായി ഉപയോഗിച്ചു വരുന്ന ഈ കെട്ടിടത്തിൽ നിലവിൽ കള്ള് ഷാപ്പ് നടത്തിവരുന്നുണ്ട്.

ഘടനപരമായ മാറ്റം ഇല്ലാത്ത കെട്ടിടമാണെന്ന് ഉറപ്പു വരുത്തിയതിനുശേഷം 9/120 നം. കെട്ടിടത്തിന്റെ ഉപയോഗം വാണിജ്യാവശ്യം എന്ന സഞ്ചയയിൽ തിരുത്തൽ വരുത്തേണ്ടതും വസ്തു നികുതി കുടിശ്ശിക കൂടി ഈടാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-13 വസ്തു നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

വസ്തു നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-14-1 ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2017 ൽ പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപേക്ഷാ ഫോറം വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ ഇൻവെസ്റ്റ്മെന്റ് എത്രയാണെന്നോ ഉള്ള അടിസ്ഥാന വിവരം എല്ലാ ലൈസൻസ് അപേക്ഷകളിലും ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നമ്പർ	അപേക്ഷകന്റെ പേര്/ ലൈസൻസ് ഏതാവശ്യത്തിന്
1	എ4/1543/21 തീ.06/07/21	മണികണ്ഠൻ, കാട്ടുപാടം (ബേക്കറി സാധനങ്ങളുടെ വില്പന)
2	എ4/1107/21 തീ.20/02/21	എസ്. ജെയ്നുലാബുദീൻ. നന്ദിയോട് (ഇൻവേർട്ടർ ബാറ്ററി സർവ്വീസ് നടത്തുന്നതിന്)
3	എ4/1231/21 തീ.26/02/21	പുന്നൂസ് രാജൻ, പള്ളിത്താംപുള്ളി (കമ്പ്യൂട്ടർ& ഇലക്ട്രോണിക്സ് സെയിൽസ്)

അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താതെ ലൈസൻസ് ഫീസ് എപ്രകാരമാണ് ഈടാക്കിയതെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 12/17.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസീടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-14-2 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പതു ദിവസത്തിനുള്ളിൽ പട്ടിക-II പ്രകാരമുള്ള ഫീസ് ഈടാക്കി

അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്ക്കർഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 12/17.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14-3 ലൈസൻസ് അനുവദിക്കാതെ പെട്രോൾ പമ്പ് പ്രവർത്തിച്ചു വരുന്നു

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 6/81 നമ്പർ കെട്ടിട നമ്പരിൽ പ്രവർത്തിച്ചുവരുന്ന 'ശ്രീ പെട്രോളിയം, വണ്ടിത്താവളം' എന്ന പെട്രോൾ പമ്പിന് ലൈസൻസ് അനുവദിക്കുന്നതിനായി ഉടമസ്ഥ ഉഷ, W/O വിജയൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് (എ-4/1160/21 തീയതി 23/2/21). ലൈസൻസ് ഫീ ഇനത്തിൽ അഡ്വാൻസായി 120050105254/ 23/02/21 പ്രകാരം 1000/-രൂപ ഈടാക്കിയിട്ടുണ്ട്.

പൊല്യൂഷൻ കൺട്രോൾ ബോർഡ് സാക്ഷ്യപത്രം, ഫയർ എൻ.ഒ.സി എന്നിവ ഹാജരാക്കാൻ സെക്രട്ടറിയുടെ 17/12/2021 തീയതിയിലെ എ4/1160/21 കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥാപനത്തിന് മുൻവർഷങ്ങളിൽ അനുവദിച്ച ലൈസൻസ് പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തിൽ പ്രവർത്തിക്കുന്നതിനാണ് അവസാനമായി ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് കണ്ടു. (നം.എ)9-25/17 തിയതി 15-05-2017). നിലവിൽ സ്ഥാപനം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്. മതിയായ രേഖകൾ ഹാജരാക്കാതെയാണ് മുൻകൂറായി ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്.

ലൈസൻസ് ഇല്ലാതെ അനധികൃതമായി സ്ഥാപനം പ്രവർത്തിച്ചുവരുന്നതിന് പഞ്ചായത്ത് രാജ് നിയമം 236 പ്രകാരമുള്ള നിയമ നടപടികളോ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 12/17.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14-4 ലൈസൻസ് അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല

താഴെ പറയുന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

ക്രമ നം.	ഫയൽ നമ്പർ	അപേക്ഷകന്റെ പേര്	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് എത്താവശ്യം	റിമാർക്സ്

1	എ4/2053/21 തീ.26/04/21	മുഹമ്മദ് നവാസ്.എം, പുതൂർ	എം.എം. എസ് ഫീഡ്സ് കെട്ടിട നമ്പർ 8/230	Cattle Feed & Bran Production	യന്ത്രം സ്ഥാപിക്കുന്നതിന് പെർമിറ്റ് എടുത്തശേഷം ലൈസൻസ് അനുവദിക്കുന്നതാണ് എന്ന് 3/5/21 ലെ എ4-2053/21 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 12/17.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എം.എം.സ് ഫീഡ്സ് എന്ന സ്ഥാപനത്തിന്റെ ഉടമയിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ, ഉപയോഗിക്കുന്നതിനോ 1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 ചേർന്ന പട്ടിക -Iii പ്രകാരമുള്ള ഫീസ് കൂടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

2021-22 സാമ്പത്തിക വർഷത്തിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ പറയുന്നു.

1-15 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ല

ഓഡിറ്റ് വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ(നോൺ റോഡ്) നിന്നുള്ള ചെലവുകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ജി.ഒ(എം)എസ്)നം.330/2004/LSGD തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച മെയ്ന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് വിനോയോഗ മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ആവശ്യമെങ്കിൽ, ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ പത്ത് ശതമാനം തുക പൊതു ആവശ്യ ഗ്രാന്റ് എന്നതു പോലെ ചെലവഴിക്കാവുന്നതാണ്.

സർക്കുലർ നം 75326/FM.1/2007/ത.സ്വ.ഭ.വ 30.1.2008 ൽ ഗ്രാന്റ് വിനിയോഗത്തിനുള്ള നിയന്ത്രണങ്ങൾ വ്യക്തമാക്കിയിടുണ്ട്. മേൽ സർക്കുലറിലെ നെഗറ്റീവ് ലിസ്റ്റിലുൾപ്പെട്ടതാണ് തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയ്ക്കുള്ള ചെലവ്. ഇക്കാര്യം GO(MS)118/2022/LSGD തിയത്

4.6.2022 പ്രകാരം പുറപ്പെടുവിച്ച നെഗറ്റീവ് ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്.
2021-22 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ആകെ 3419688 രൂപ ചെലവഴിച്ചതിൽ സെക്രട്ടറിയുടെ പ്രോജക്റ്റുകൾ പ്രകാരമുള്ള ചെലവ് 2417927 രൂപയാണ്. ഇത് ആകെ ചെലവിന്റെ 71 ശതമാനമാണ്. ഈ ചെലവിൽ തെരുവു വിളക്കുകളുടെ അറ്റകുറ്റപണിയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽ നിന്നുള്ള 999749 രൂപയും ഉൾപ്പെടുന്നുണ്ട്.
മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച പ്രധാന നിബന്ധനകളിലൊന്ന് തുക വകമാറ്റി ചെലവഴിക്കരുതെന്നാണ്. മാർഗ്ഗനിർദേശം പാലിക്കാതെ തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.(എൻകയറി നം. 17/19-6-2022).
മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-16 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി - തെരുവുവിളക്കുകളുടെ കൃത്യമായ കണക്കില്ലാതെ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യുന്നു

2021-22 ലെ തെരുവുവിളക്കു റിപ്പയർ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിന്മേലുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
1) പ്രോജക്റ്റ് നം. 122/22-തെരുവ് വിളക്ക് റിപ്പയർ(സ്പിൽ ഓവർ)
അടങ്കൽ- 401060 രൂപ(260000-ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 141060- തനത് ഫണ്ട്)
ചെലവ് - 399804 രൂപ (വൗച്ചർ നം. 22100461/18.8.21- 258744 രൂപ, ബിൽ നം. 12/18.8.2021 - 141060 രൂപ)
2) പ്രോജക്റ്റ് നം- 8/22-തെരുവ് വിളക്ക് റിപ്പയർ
അടങ്കൽ-10,00,000(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)
ചെലവ് - 999749 (ബിൽ നം.46/27-3-22 –512195 രൂപ, 47/27-3-22 – 487554 രൂപ)
രണ്ടു പ്രോജക്റ്റുകളുടേയും നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണ്.

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപണി നടത്തുന്നതിനായി റിപ്പയറിനുള്ള ചാർജ്ജ് മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ സ്ഥാപിക്കപ്പെട്ടതും വാറണ്ടി നിലവിലുള്ളതുമായ ലാമ്പുകളെ ഒഴിവാക്കിയാണ് വാർഷിക അറ്റകുറ്റപ്പണിക്കായുള്ള പദ്ധതി രൂപീകരിക്കേണ്ടത്.
വാറണ്ടി നിലവിലുള്ളവയെ ഒഴിവാക്കിയാണോ മെയിന്റനൻസ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. 2021-22 വർഷത്തിൽ നടത്തിയ റിപ്പയറിനുള്ള തുക മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് അനുവദിച്ചിരിക്കുന്നത്.
പഞ്ചായത്ത് പരിധിയിൽ എത്ര തെരുവു വിളക്കുകളുണ്ട്, ഏതെല്ലാം തരമുണ്ട്, എപ്പോഴാണ് അവസാനമായി മാറ്റി സ്ഥാപിച്ചത്/റിപ്പയർ ചെയ്തത്, ഓരോന്നിന്റേയും വാറണ്ടി കാലയളവ് മുതലായ കണക്ക് സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കു രജിസ്റ്ററിൽ വിവരം കാലികമാക്കി ചേർത്തിട്ടില്ല.
ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന്(നം. 22./20.8.22) മറുപടി ലഭ്യമായില്ല.

കൃത്യമായ കണക്കുകൾ തയ്യാറാക്കി മാത്രം തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-17 ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കിയില്ല-ഗുണഭോക്തൃ വിഹിതം തിരികെ നല്കേണ്ടതാണ്

ഭാരതത്തിലെ എല്ലാ വീടുകളിലേക്കും 2024 നകം ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി 2020-21 വർഷത്തിൽ ഒരു കണക്ഷന് 1070 രൂപ നിരക്കിൽ 380 ഗുണഭോക്താക്കളിൽ നിന്നും 406600 രൂപ ഗ്രാമപഞ്ചായത്ത് പിരിച്ചെടുത്തിട്ടുണ്ട്. ഇതിൽ 15 പേരുടെ തുക 16050 രൂപ തിരികെ നല്കിയിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
21-22 ൽ 123/22-ജലജീവൻ മിഷൻ-സമ്പൂർണ കുടിവെള്ള പദ്ധതി എന്ന പ്രോജക്റ്റ് പ്രകാരം 1326000 രൂപ(ഗുണഭോക്തൃ വിഹിതം ഉൾപ്പടെ) വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് നടപ്പായിട്ടില്ല. പദ്ധതി പ്രകാരം വകയിരുത്തിയ തുക കേരള വാട്ടർ അതോറിറ്റിക്ക് തൻവർഷം കൈമാറിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തനത് ഫണ്ടിൽ നിഷ്ക്രിയാവസ്ഥയിൽ അവശേഷിക്കുകയാണ്.
ജലജീവൻ മിഷൻ പദ്ധതി പ്രകാരം വകയിരുത്തിയ തുക വാട്ടർ അതോറിറ്റിക്ക് കൈമാറാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനും പഞ്ചായത്ത് പ്രദേശത്തെ പദ്ധതിയുടെ നിലവിലെ സ്ഥിതിയും അറിയിക്കുവാനും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.23/20-8-2022) മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

പദ്ധതി നടപ്പാക്കുന്നതിനായി ഈടാക്കിയ തുക, ആയത് നടപ്പാക്കാത്ത പക്ഷം ഗുണഭോക്തക്കൾക്ക് തിരികെ നല്കേണ്ടതാണ്.
ചെലവഴിക്കാൻ സാധ്യത കുറവായ പ്രോജക്റ്റുകൾക്ക് തുക വകയിരുത്തിയതിനുശേഷം ആയത് നടപ്പാക്കാതിരിക്കുന്നത് പദ്ധതിപ്പണം പാഴാകുന്നതിനിടയാക്കുന്നതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 SSK-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2021-22 വർഷത്തിൽ SSK യ്ക്ക് തുക നല്കിയതിന്റ വിവരം താഴെ ചേർക്കുന്നു.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട്ട് നം., പേര്	അടങ്കൽ	കൈമാറിയ തുക	ബിൽ നം/ സാങ്ക്ഷൻ ഓർഡർ നം/ തീയതി	സ്ഥാപനം
5/22-SSA യ്ക്ക് തുക	266900 ധനകാര്യ കമ്മിഷൻ	266000	217/14.3.22	SSK പാലക്കാട് A/C No.

നൽകൽ	അവാർഡ്		0812101071939

തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 വാട്ടർ അതോറിറ്റിയിലേക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2021-22 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിലേക്ക് തുക നല്കിയിട്ടുണ്ട്.
അക്കൗണ്ട് നമ്പർ – 6714799082
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ക്രമ നം.	പ്രൊജക്ട്ട് നം., പേര	അടങ്കൽ	ഡെപ്പോസിറ്റ് തുകലിവ്	ബിൽ നം./ വൗച്ചർ നം./ തീയതി	സ്ഥാപനം
1	211/22-കാഞ്ഞിരക്കുളമ്പ് കുടിവെള്ള പദ്ധതി	350000 CFC	350000	22101198/ 23.3.22	എക്സിക്യൂട്ടീവ് എഞ്ചിനിയർ, KWA, PH ഡിവിഷൻ, പാലക്കാട്
2	212/22 വിവിധ വാർഡുകളിൽ കുടിവെള്ളം ലഭ്യമാക്കൽ	459600 CFC	206000	22101199 /23.3.22	എക്സിക്യൂട്ടീവ് എഞ്ചിനിയർ, KWA, PH ഡിവിഷൻ, പാലക്കാട്

അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയുടെ പൂർത്തീകരണ വീവരം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻകയറി നം 4/16-8-22).

1-20 വാതക ശ്മശാനത്തിനായി വാങ്ങിയ ഫർണസ് പൂർണ്ണമായും ഉപയുക്തമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വാതക ശ്മശാനത്തിൽ അധികമായി ഒരു ഫർണസ് സ്ഥാപിക്കുന്നതിനുവേണ്ടി തൻവർഷം ആവിഷ്കരിച്ച പ്രോജക്റ്റിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്റ്റ്-176/22-അമ്പലപ്പറമ്പ് ശ്മശാനത്തിന് അധിക ഫർണസ് സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി
അടങ്കൽ - 4300000 (CFC-2000000 + Block Share – 2300000)
ചെലവ് - 4226800 (CFC-2000000 - Bill No. 298/30-3-22) + Block Share – 2226800 – Bill No. 299/30-3-22)

Keeral Safe Industrial Equipment Pvt. Ltd. എന്ന സ്ഥാപനത്തെയാണ് ഫർണസ് സ്ഥാപിക്കുന്നതിനായി ഇ-ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്തത്.

സ്ഥാപനവുമായി 28-02-2022 ന് ചമച്ച എഗ്രിമെന്റിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുപുറമേ 12 മാസത്തെ സൗജന്യ മെയ്ന്റനൻസ് കൂടി നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അക്കൗണ്ട് നം. 67396866935 ലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്.

ഇൻവോയസ് നം. 38/22-3-22 പ്രകാരം ഫർണസിന്റെ വില (18% ജി.എസ്.ടി) ഉൾപ്പെടെ 3050000 രൂപയും ചിമ്മിനിയുടെ വില(18% ജി.എസ്.ടി) 1176800

രൂപയുമാണ്.

ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പുതിയ ഫർണസ് കൂടി പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള ജനറേറ്ററിന് കപ്പാസിറ്റി കുറവായതിനാൽ ഫർണസ് പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ട്.

നിലവിൽ ശ്മശാനത്തിൽ മുന്നു ഫർണസുകളാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. പുതിയ ഫർണസ് പൂർണ്ണ സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ശ്മശാനത്തിലെ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ എ.എം.സി നൽകുന്നത് പരിഗണിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

എൻകയറി നം. 23/20.8.22 ന് മറുപടി ലഭ്യമായില്ല.

1-21 ST കമ്മ്യൂണിറ്റി ഹാളിന് സോളാർ പാനൽ - ലക്ഷ്യപ്രാപ്തി ഉറപ്പാക്കേണ്ടതാണ്

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ST കമ്മ്യൂണിറ്റി ഹാളിന് സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി KSEB യിലേക്ക് തുക നല്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്ട് നം., പേര്	അടങ്കൽ	ചെലവ്	ബിൽ നം/ വൗച്ചർ നം./ തീയതി	സ്ഥാപനം
174/22-ST കമ്മ്യൂണിറ്റി ഹാളിന് സോളാർ പാനൽ	160446 TSP	160446	39/19.3.2022	KSEB സൗര ഇലക്ട്രിക്കൽ സർക്കിൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള കൊച്ചിക്കാട് കമ്മ്യൂണിറ്റി ഹാളിൽ എസ്.ടി വിദ്യർത്ഥികൾക്ക് പഠനത്തിനായി ഉപയോഗിക്കുന്നതിനും അവരുടെ പഠന സൗകര്യത്തിനും വൈദ്യുതി ബിൽ ഇനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

സൗര പ്രോജക്റ്റിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറുടെ കത്ത് പ്രകാരം (Soura/ Phase-I Project/Demand Notice /21-22/1409 Dt 28.2.22 നമ്പർ കത്ത്) 160446 രൂപ 6496201000013 നം. അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവഹണ ഏജൻസിയ്ക്ക് തുക കൈമാറുന്നതിനുമുൻപ് എഗ്രിമെന്റിലേർപ്പെടണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. കരാറിലേർപ്പെടാതെ കെ എസ് ഇ ബിയ്ക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച് വൈദ്യുതി ഉൽപാദനം തുടങ്ങിയിട്ടുണ്ടോ എന്നതിന്റെ വിവരവും

ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് എൻകയറി നം 10/16.8.22 നല്കിയതിന് മറുപടി ലഭിച്ചില്ല.

1-22 വനിതകൾക്ക് ഡെയ്ഞ്ച വിതരണം-കെയ്കോയിൽ നിന്ന് നേരിട്ട് വാങ്ങി

പ്രൊജക്റ്റ്	19/22-വനിതകൾക്ക് ഡെയ്ഞ്ച വിതരണം-ജനറൽ
അടങ്കൽ	5,73,300 (4,00,000 (വികസന ഫണ്ട്, ജനറൽ) + 1,73,300 (മറ്റുള്ളവ))
ചെലവ്	5,73,300 (4,00,000 (വികസന ഫണ്ട്, ജനറൽ) + 1,73,300(മറ്റുള്ളവ)
ബിൽ നം, തീയതി	28/22-3-22 – Rs.4,00,000 22011195/23-3-22 - Rs.1,73,300
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 യിലെ ഖണ്ഡിക 6.1(4) പ്രകാരം നെല്ല്, പച്ചില വളം, വിത്തുകൾ മുതലായവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ എന്നിവിടങ്ങളിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ.ഉ(സാധാ).1087/2020/തസ്വഭവ, 10-6-20 പ്രകാരം വി.എഫ്.പി.സി.കെ യിൽ നിന്നും വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോ ബാഗ് എന്നിവ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. കൃഷി ഓഫീസർ നിർവഹണം നടത്തിയ വനിതകൾക്ക് ഡെയ്ഞ്ച വിതരണം പദ്ധതി പ്രകാരം 7,350 കി.ഗ്രാം ഡെയ്ഞ്ച വിത്ത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങി 24 പാടശേഖര സമിതികൾക്കായി വിതരണം നടത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ സൂചിപ്പിക്കാത്ത സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും വിത്ത് വാങ്ങുവാനിടയുണ്ടായ സാഹചര്യം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(2, 12-8-22) മറുപടിയായി മേൽ സ്ഥാപനങ്ങളിൽ നിന്നും വിത്ത് ലഭ്യമാക്കാത്ത സാഹചര്യത്തിലാണ് കൈക്കോയിൽ നിന്നും വാങ്ങിയത് എന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാത്രം പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

1-23 ആർട്ട്കോ യിൽ നിന്നുള്ള വാങ്ങലിന്മേൽ ജി എസ് ടി- ടി.ഡി.എസ് നടത്തിയില്ല

പ്രൊജക്റ്റ് നം.	31/22-വൃദ്ധർക്ക് കട്ടിൽ വിതരണം(SCP)
അടങ്കൽ	2,99,500 (SCP)
ചെലവ്	2,95,732
ബ്ലിൽ നം, തീയതി	17/27-3-22
നിർവ്വഹണ ഉദ്യോഗസ്ഥ	ICDS സൂപ്പർവൈസർ

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം.65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി.ഡി.എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/2019/ത.സ്വ.ഭ.വ തീ.08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2021-22 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ പ്രൊജക്റ്റ് പ്രകാരം ആർട്ട്ക്കോയിൽ (Artisans Development Co-Operative LTD) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/16-8-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ടി.ഡി.എസ് നടത്താതിരുന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്രോതസ്സിൽ നിന്നും ജി.എസ്.ടി-ടി.ഡി.എസ് തുക കുറവ് ചെയ്ത് മാത്രം ബിൽ തുക അനുവദിക്കേണ്ടതാണ്.

1-24 അനുപൂരക പോഷകാഹാര വിതരണ പ്രൊജക്ടുകൾ - ജി.എസ്.ടി-ടി.ഡി.എസ് നടത്തിയില്ല

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര

വിതരണ പ്രൊജക്റ്റ് പ്രകാരം ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി എസ് ടി കിഴിവ് നടത്തിയിട്ടില്ലെന്ന് കണ്ടെത്തി.

പ്രൊജക്റ്റിന്റെ വിശദാംശം.

പ്രൊജക്റ്റ്	25/22-അങ്കണവാടി അനുപൂരക പോഷകാഹാരം, ജനറൽ
അടങ്കൽ	**29,95,000** 19,95,000(പൊതുവിഭാഗം)+10,00,000(കേന്ദ്രാവിഷ്കൃതം)
ചെലവ്	**24,84,379** ((19,89,296(പൊതുവിഭാഗം)+4,95,083(കേന്ദ്രാവിഷ്കൃതം))
ബിൽ നം, തിയതി	1/27-7-21 (4,21,962 (ആരോഗ്യ അമൃതം ഫുഡ്സ്-1,84,778)) 3/27-7-21 (6,89,225 (ആരോഗ്യ അമൃതം ഫുഡ്സ്-5,74,173)) 10/383,837 (ആരോഗ്യ അമൃതം ഫുഡ്സ്-2,64,079) 20- 368910 (ആരോഗ്യ അമൃതം ഫുഡ്സ്-254376) 21- 106507

ബി)

പ്രൊജക്റ്റ് നം.	28/22-അങ്കണവാടി അനുപൂരക പോഷകാഹാരം, SCP
അടങ്കൽ	**12,000,00 (SCP)**
ചെലവ്	**11,99,071**
ബിൽ നം, തിയതി	2/27-7-21(1,93,430) 4/18-8-21(ആരോഗ്യ അമൃതം ഫുഡ്സ്-2,31,317) 6/21-10-21(98,704) 8- 1,03,381(ആരോഗ്യ അമൃതം ഫുഡ്സ്-49,868 11- 1,23,766(ആരോഗ്യ അമൃതം ഫുഡ്സ്-45,684) 14-, 2,07,506(ആരോഗ്യ അമൃതം ഫുഡ്സ്-148542)

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം. നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം

നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ), എസ് സി പി എന്നീ പ്രോജക്റ്റുകൾ പ്രകാരം ആരോഗ്യ, അമൃതം ഫുഡ്സ്, തെക്കേദേശം (പി.ഒ), നല്ലേപ്പിള്ളി, പാലക്കാട് എന്ന സ്ഥാപനവുമായി നടത്തിയ ഇടപാടുകളിൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല.

വനിതാ ശിശു വികസന ഡയറക്ടർ പ്രോഗ്രാം ഓഫീസർമാർക്ക് അയച്ച 18-8-21 ലെ ഐസിഡിഎസ് ബി.3/13220/21 നം കത്ത് പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി എസ് ടി ഉൾപ്പെടെയാണ് 73.50 രൂപ നിശ്ചയിച്ചിട്ടുള്ളതെന്നും കേന്ദ്രസർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകുന്നതു വരെ ജി എസ് ടി ബാധകമായിരിക്കുമെന്നും അറിയിച്ചിരുന്നു. നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6, 16-8-22) മറുപടിയായി സ്ഥാപനം ജി എസ് ടി അടച്ചിട്ടുണ്ടെന്ന് അറിയിക്കുകയും രേഖകൾ പരിശോധനക്കായി ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

ടി.ഡി.എസ് നടത്താതിരുന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്രോതസിൽ നിന്നും ജി എട് ടി-ടി ഡി എസ് തുക കുറവ് ചെയ്ത് മാത്രം തുക അനുവദിക്കേണ്ടതാണ്.

1-25 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 64 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 40 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 3.87 കോടി രൂപയിൽ 2.05 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 53% ആണ് തൻവർഷത്തെ ചെലവ്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

മുൻവർഷങ്ങളെ അപേക്ഷിച്ച് സ്പിൽഓവർ പ്രവൃത്തികളുടെ എണ്ണം പൊതുവെ കുറഞ്ഞുവരുന്നുണ്ടെന്ന് വിലയിരുത്തുന്നു. കാലാവസ്ഥ, പദ്ധതി പ്രദേശങ്ങളിലെ പ്രത്യേകതകൾ, കോവിഡ് പ്രതിസന്ധി എന്നിവ മൂലം പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിലും അവയെല്ലാം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൊതുവെ തൃപ്തികരമാണെന്ന്

വിലയിരുത്തുന്നു.

ബി. രേഖകളുടെ സൂക്ഷിപ്പ്

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വയ്ക്കുന്നുണ്ടെങ്കിലും നിശ്ചിത നിരക്കിലുള്ള സ്റ്റാമ്പ് പേപ്പർ വ്യവസ്ഥ ചെയ്തിട്ടില്ല.

3. ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടി ഉൾപ്പെടെയുള്ള തുകകൾ ഗ്രാമപഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ടെങ്കിലും ജി.എസ്.ടി തുക വേർതിരിച്ച് കാണിക്കാത്തതിനാൽ തൻവർഷത്തെ ജി.എസ്.ടി ഒടുക്കിയിട്ടില്ല.

4. കരാറുകാരുടെ ബില്ലുകളിൽ നിന്നും മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം കുറവു ചെയ്യുന്ന ഓഡിറ്റ് റിക്കവറി റിക്കവറി എന്ന ഹെഡിൽ വരവു വയ്ക്കുന്നിനു പകരം ഫൈൻസ് ആന്റ് പെനാൾട്ടീസ് എന്ന ഹെഡിലാണ്.

5. സചിത്ര സോഫ്റ്റ്വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

6. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

സി. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

4. കൈമാറിക്കിട്ടിയ സ്ഥപനങ്ങളുടെ സംരക്ഷണത്തിനായി ലഭിക്കുന്ന നോൺറോഡ് മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്ന പ്രവണതയുള്ളതായി കണ്ടെത്തി. തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്നമുറയ്ക്കു പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. ജി.എസ്.ടി ആയി ഈടാക്കിയ തുകകൾ അതാത് സമയം തന്നെ ഒടുക്കേണ്ടതാണ്.
5. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ചു മാത്രം മെയന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടതാണ്.
6. മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

1-26 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ ജനറൽ വിഭാഗത്തിൽ 229 പേരും എസ്.സി വിഭാഗത്തിൽ 37 പേരുമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്.

തൻവർഷത്തെ ലൈഫ് ഭവന നിർമ്മാണത്തിനായുള്ള പ്രോജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-1

1. 24/22-ലൈഫ് മിഷൻ-ഭവന രഹിതർക്ക് ഭവനം

അടങ്കൽ - 10511000

ചെലവ് - 1240000

2. 32/22-ലൈഫ് മിഷൻ-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം (എസ്.സി.പി)

അടങ്കൽ - 10545180

ചെലവ് - 6320000

നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

യൂണിറ്റ് കോസ്റ്റ് - 400000

ക്രമ നം.	ഗുണഭോക്താവ്	കൈപ്പറ്റിയത്	ബാക്കി
1	രജിത മാണിക്കൻ, നന്ദിയോട്	200000	200000
2	സുമ ശശി, മാങ്ങോട്	350000	50000

3	ജാനകി കൃഷ്ണൻകുമാർ	350000	50000
4	ഇന്ദിര രാമൻകുട്ടി കിഴക്കേക്കളം	350000	50000
5	ഓമന കൃഷ്ണൻകുട്ടി, പാലക്കുളമ്പ്	360000	40000

ഓഡിറ്റ് അന്വേഷണം നം. 15/17-8-22 നുള്ള മറുപടിയിൽ മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 മേൽപ്പുര റിപ്പയർ - പദ്ധതി ആസൂത്രണം, നടത്തിപ്പ് - അപാകങ്ങൾ

മേൽപ്പുര റിപ്പയറിനായി ആവിഷ്കരിച്ച പ്രോജക്റ്റുകൾ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്താണോ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിലയിരുത്തിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

14-2-2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖ.6.7.1 പ്രകാരം മേൽപ്പുര മാറ്റി മേൽക്കൂര നിർമ്മിക്കാൻ ജനറൽ വിഭാഗത്തിന് 75000 രൂപയും എസ്.സി വിഭാഗത്തിന് 100000 രൂപയും പരമാവധി അനുവദിക്കാവുന്നതാണ്. തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ-2

1. 154/22-മേൽപ്പുര റിപ്പയർ (എസ്.സി.പി) - സ്പിൽ ഓവർ

അടങ്കൽ - 697500 രൂപ

2. 152/22-മേൽപ്പുര റിപ്പയർ (General) - സ്പിൽ ഓവർ

അടങ്കൽ - 440000 രൂപ

ചെലവു രേഖകളുടെ പരിശോധനയിന്മേലുള്ള വിലയിരുത്തലുകൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്താവിന്റെ ആവശ്യകത വിലയിരുത്താതെ തുച്ഛമായ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചു

മേൽ പ്രോജക്റ്റുകൾ രൂപീകരിച്ചിട്ടുള്ളത് ജനറൽ വിഭാഗത്തിന് 20000 രൂപയും എസ്.സി വിഭാഗത്തിന് 30000 രൂപയും വകയിരുത്തിയാണ്. ഗുണഭോക്താക്കളുടെ യഥാർത്ഥ ആവശ്യകത വിലയിരുത്താതെയാണ് പ്രോജക്റ്റുകൾ രൂപീകരിച്ചിട്ടുള്ളത്.

ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും ആയത് എൽ.എസ്.ജി.ഡി എഞ്ചിനിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്നും വ്യവസ്ഥയുണ്ടെങ്കിലും അത്തരത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

50% തുക മുൻകൂറായി അനുവദിക്കാമെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും യൂണിറ്റ് കോസ്റ്റിൽ പരിമിതപ്പെടുത്തി അനുവദിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. വകയിരുത്തിയ തുകയിൽ

പരിമിതപ്പെടുത്തി തുക ഗുണഭോക്താവിന്റെ യഥാർത്ഥ ആവശ്യകത വിലയിരുത്താതെ തുച്ഛമായ തുക വകയിരുത്തുന്നതിനാൽ പ്രവൃത്തികളുടെ ഗുണനിലവാരം ഇല്ലാതാകുമെന്ന് വിലയിരുത്തുന്നു.
ഭരണസമിതി തീരുമാനപ്രകാരമാണ് തുച്ഛമായ തുക വകയിരുത്തിയതെന്ന് ഓഡിറ്റ് അന്വേഷണം നം. 14(1)/17-8-22 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പുനരുദ്ധാരണത്തിന് ആവശ്യമായ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. തുക പിൻവലിച്ചു നൽകിയതിൽ അപാകത

1. 154/22-മേൽപ്പുര റിപ്പയർ (എസ്.സി.പി) - സ്പിൽ ഓവർ

അടങ്കൽ - 697500 രൂപ (എസ്.സി.പി)

യഥാർത്ഥ ചെലവ് 700000 രൂപയാണെങ്കിലും വകയിരുത്തിയ തുക കുറവായതിനാൽ തികയാതെ വന്ന 2500 രൂപ തൻവർഷത്തെ മറ്റൊരു പ്രോജക്റ്റ് ആയ 79/22 (New) എന്ന പ്രോജക്റ്റ് പ്രകാരം പിൻവലിച്ച് ഗുണഭോക്താവിനു നൽകിയിട്ടുണ്ട്.

ഗുണഭോക്താവിന്റെ പേര്- ശ്രീമതി.പെട്ട, W/O.കോമ്പി, അമ്പിട്ടൻചള്ള

ബിൽ നം. 25/30-3-22 പ്രകാരം 27500 രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. ബാക്കി തുക ബിൽ നം. 27/30-3-22 പ്രകാരം 2500 രൂപയും (പ്രൊ.നം.79/22) പിൻവലിച്ചു നൽകിയിട്ടുണ്ട്.

2. 79/22-മേൽപ്പുര റിപ്പയർ (എസ്.സി.പി) - New

അടങ്കൽ - 1410000 രൂപ (എസ്.സി.പി)

യഥാർത്ഥ ചെലവ് 690000 രൂപയാണെങ്കിലും 2500 രൂപ കൂടി മറ്റൊരു പ്രോജക്റ്റ് ആയ 154/22 (SO) എന്ന പ്രോജക്റ്റ് പ്രകാരമുള്ള ഗുണഭോക്താവിന് പിൻവലിച്ച് നൽകിയിട്ടുണ്ട്.

ഗുണഭോക്താവിന്റെ പേര്- ശ്രീമതി.പെട്ട, W/O.കോമ്പി, അമ്പിട്ടൻചള്ള

യഥാർത്ഥ പ്രോജക്റ്റിൽ വകയിരുത്തിയതിനേക്കാൾ അധികം തുക മറ്റൊരു പ്രോജക്റ്റ് പ്രകാരം പിൻവലിച്ചു നൽകിയ നടപടി ക്രമപ്രകാരമല്ല.

ഓഡിറ്റ് അന്വേഷണം നം. 14(2)/17-8-22 നുള്ള മറുപടിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്.
തുക മാറ്റുന്നതിൽ ജാഗ്രത പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 മാലിന്യ സംസ്കരണത്തിന് വ്യക്തിഗത ബയോബിൻ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

187/22-മാലിന്യ സംസ്കരണത്തിന് വ്യക്തിഗത ബയോബിൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-2
അടങ്കൽ - 2034000
(1829499 (കേന്ദ്രാവിഷ്കൃതം) + തനത് ഫണ്ട് -203400 + ഗുണഭോക്തൃ വിഹിതം - 203400)
ചെലവ് - 1125000 രൂപ (കേന്ദ്ര ഫണ്ട്-ശുചിത്വം)
13-1-22 ന് ട്രാൻസ്ഫർ ചെയ്തു - 450000 രൂപ
19-2-22 ന് ട്രാൻസ്ഫർ ചെയ്തു- 450000 രൂപ

14-3-22 ന് ട്രാൻസ്ഫർ ചെയ്തു-225000 രൂപ
ആകെ - 1125000 രൂപ
വ്യക്തിഗത ബയോബിൻ വിതരണം ചെയ്യുന്നതിനായി ഐ.ആർ.ടി.സിയെയാണ് തെരഞ്ഞെടുത്തത്.

IRTC യുടെ Account No. 0812201002322

ബിന്നുകൾ വിതരണം ചെയ്യുന്നതിനായി ഐ.ആർ.ടി.സിയുമായി 24-12-21 ന് എഗ്രിമെന്റ് ഒപ്പു വെച്ചിട്ടുണ്ട്. 1800 രൂപയാണ് ബിൻ ഒന്നിന്റെ വിലയായി സമ്മതിച്ചിട്ടുള്ളത്.

ശുചിത്വ മിഷൻ നിശ്ചയിച്ചു നൽകി സബ്സിഡിത്തുക 1620 രൂപയും ഗുണഭോക്തൃ വിഹിതം 180 രൂപയുമാണ്. 50% തുക മുൻകൂറായി IRTC ക്കു നൽകുവാനും ബാക്കി തുക ബിൻ വിതരണം പൂർത്തിയാക്കിയതിനുശേഷവും നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ആകെ 750 പേരിൽ നിന്നും 135 രൂപ വീതം ആകെ 135000 രൂപ ഗുണഭോക്തൃവിഹിതമായി ഈടാക്കിയിട്ടുള്ളത്.

750 ബിന്നുകളുടെ വിലയായി ആകെ 1350000 രൂപയാണ് ഐ.ആർ.ടി.സി ക്ക് നൽകേണ്ടിയിരുന്നത്. ആയതിൽ മേൽപറഞ്ഞ പ്രകാരം 1125000 രൂപ മാത്രമാണ് നാളിതുവരെ നൽകിയത്. ബാക്കി 225000 രൂപ (സബ്സിഡി - 90000 + ഗു.വി - 135000) നാളിതുവരെ IRTC ക്ക് നൽകിയിട്ടില്ല.

ആദ്യ ഘട്ടത്തിൽ 500 ബിന്നുകളും പിന്നീട് 250 എണ്ണവുമാണ് ലഭ്യമായത്. ബിന്നുകൾ ലഭ്യമായതിനുശേഷം ഗുണഭോക്തൃവിഹിതം ഒടുക്കിയ ആളുകൾക്കാണ് ബിന്നുകൾ വിതരണം ചെയ്തിട്ടുള്ളത്.
രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കെണ്ടെത്തി.

1. ശുചിത്വം മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിൽ പ്രസ്തുത പ്രോജക്റ്റിനുള്ള നിർദ്ദേശം ഉണ്ടായിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തലുകൾ നടത്തിയിട്ടില്ല.
2. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയതിനുശേഷമാണ് പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ അത്തരത്തിൽ ഒരു അംഗീകൃത ഗുണഭോക്തൃ പട്ടികയില്ലാതെ ഗുണഭോക്തൃ വിഹിതം ഒടുക്കുന്ന വ്യക്തികൾക്കുമാത്രം ബിന്നുകൾ നൽകുന്ന രീതിയാണ് പദ്ധതി നടത്തിപ്പിൽ അവലംബിച്ചിട്ടുള്ളത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താതെ ബിന്നുകൾ ആദ്യം വാങ്ങിയത് ക്രമപ്രകാരമല്ല.
3. എഗ്രിമെന്റ് പ്രകാരം IRTC ക്ക് നൽകുവാനുള്ള ബാക്കി തുക നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

ഓഡിറ്റ് അന്വേഷണം നം. 14(3)/17-8-22 നുള്ള മറുപടിയിൽ 750 ബിന്നുകൾ വിതരണം ചെയ്തതായും ഐ.ആർ.ടി.സി ക്ക് നൽകുവാനുള്ള തുക ഉടൻ നൽകുമെന്നും അറിയിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 31-5-22 ലെ തീരുമാനം നം. 3(5) പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടെന്നും അടുത്ത ഗ്രാമസഭയിൽ വെച്ച് ലിസ്റ്റ് അംഗീകരിച്ചതിനുശേഷം ലിസ്റ്റ് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.
ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃപട്ടിക ഹാജരാക്കുന്നതുവരെ

ബിന്നുകൾക്കായി ചെലവഴിച്ച 1125000 രൂപ തടസ്സത്തിൽ വെക്കുന്നു. ലിസ്റ്റ് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-29 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പ്രൊജക്റ്റ് നം, പേര്	47/22, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി
അടങ്കൽ	2,00,000(SCP)
ചെലവ്	2,00,000
ബിൽ നം	1/30-3-22
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ

1-30-1 ക്ഷീര സഹകരണ സംഘങ്ങൾ സമർപ്പിച്ച ബാങ്ക് അക്കൗണ്ട് നമ്പറും തുക ക്രെഡിറ്റ് ചെയ്ത അക്കൗണ്ട് നമ്പറും തമ്മിൽ വ്യത്യാസം

ക്രമ നം.	ക്ഷീര കർഷകന്റെ പേര്	ക്ഷീരസംഘം സമർപ്പിച്ച അക്കൗണ്ട് നം	തുക നൽകിയ അക്കൗണ്ട്	തുക
1	എ.രാജാമണി	40298100200387(KGB)	67294615115(SBI)	3738
2	കെ.പത്മാവതി	402981010553407(KGB)	4029810105340(KGB)	1575
3	പി.കാശു	40298100100404(KGB)	40298101090693(KGB)*	1551
4	മാണിക്കൻ	66053000024890(SIB)	67383876143(SBI)	882
5	കൃഷ്ണൻ.കെ	93053000036894(SIB)	0066053000025828(SIB)	2289
6	പാർവ്വതി.വി	67363449218(SBI)	6123625001(IDBI)	363
7	ലക്ഷ്മി. പി	40298101049468(KGB)	57045389525(SBI)	4976
8	മുത്തുസ്വാമി	40298101033485(KGB)	20325997552(SBI)	4291
9	കനകം	009305300035097(SIB)	110008986532(canara)	2142
10	പങ്കജം	67386064092(SBI)	0066053000020326(SIB)	1770
11	ചന്ദ്രൻ	0093053000030303(SIB)	10860100101901(federal)	3546

*മറ്റൊരു ഗുണഭോക്താവായ കെ. ആറുമുഖന്റെ അക്കൗണ്ട്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13, 17-8-22) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-30-2 ഗുണഭോക്താക്കൾ മാറി സബ്സിഡി തുക നൽകി

എ) ക്ഷീര സഹകരണ സംഘങ്ങൾ കൈമാറിയ ലിസ്റ്റ് പ്രകാരം ആറ്റാഞ്ചേരി ക്ഷീര സഹകരണ സംഘത്തിൽ പാലളക്കുന്ന കല്ല്യാണി പഴനി, ക്രമ നം-7

(അക്കൗണ്ട് നം-67242006985, IFSC-SBIN0070788) 2021 ജൂൺ മുതൽ ഒക്ടോബർ വരെ അളന്ന 1,823 ലിറ്റർ പാലിന് 3 രൂപ നിക്കിൽ 5,469/- രൂപയാണ് സബ്സിഡി അനുവദിച്ചിരുന്നത്. അതുപോലെ അതേ ക്ഷീര സംഘത്തിൽ പാലളക്കുന്ന കല്ല്യാണി. പി.എം, ക്രമ നം-9(67209971650, IFSC-SBIN0070788)ന് 931 ലിറ്ററിന് 3/- രൂപ നിരക്കിൽ 2,793/- രൂപയാണ് സബ്സിഡി തുകയായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ കല്ല്യാണി പഴനിക്ക് 5,469/- രൂപയ്ക്ക് പകരം 2,793/- രൂപയും കല്ല്യാണി പി.എം ന് 2,793/- രൂപയ്ക്ക് പകരം 5,469 രൂപയുമാണ് നൽകിയിട്ടുള്ളത്.

ബി) തണ്ണീർപന്തൽ ക്ഷീരോൽപ്പാദക സഹകരണ സംഘം നൽകിയ വിതരണ ലിസ്റ്റ് പ്രകാരം രാജേഷ്.ആർ, ക്രമ നം-13(അക്കൗണ്ട് നം-16460100043767, IFSC Code-FDRL0001646) ന് 6,063/- യും രജിത, ക്രമ നം-14(64961000846, IFSC Code-CNRB0006496)യ്ക് 529 രൂപയുമാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ രജിതയുടെ അക്കൗണ്ടിലേക്കാണ് 529+6,063= 6,592/- രൂപയും ക്രെഡിറ്റ് ചെയ്തിരിക്കുന്നത് .മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-30 ഭാഗികമായ കാലയളവിലേക്ക് മാത്രം സബ്സിഡി നൽകി

2021-22 സാമ്പത്തിക വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. 46/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, 47/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എസ് സി പി എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും 21-22 വർഷത്തിൽ 47/22 എന്ന പ്രോജക്റ്റ് മാത്രമാണ് നടപ്പിലായിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ക്ഷീര സഹകരണ സംഘങ്ങളിൽ അളക്കുന്ന എസ് സി കർഷകന് 1 ലിറ്റർ പാലിന് 3 രൂപ നിരക്കിൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള പാലളവിന് സബ്സിഡി നൽകുന്നതാണ് പദ്ധതി. എന്നാൽ പദ്ധതി പ്രകാരം 2021 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലെ പാലളവിന് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്.

1-31 എം.എൻ.ആർ.ഇ.ജി.എസ്-സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരുടെ ബില്ലുകളിൽ നിന്നും ജി എസ് ടി-ടി ഡി എസ് നടത്തിയില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി 18 മെറ്റീരിയൽ പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയത്. 23-12-2021 ന് സാധനങ്ങളുടെ വിതരണത്തിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക കോട്ട് ചെയ്തിട്ടുള്ള ശ്രീ.രാജീവ്.പി.എം എന്നയാൾക്ക് വിതരണ കരാർ നൽകുകയും ചെയ്തിട്ടുണ്ട്.

സി.ജി.എസ്.ടി ആക്ട് 2017/എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) പ്രകാരം കരാർ തുക 2.50 ലക്ഷത്തിനു മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു പ്രകാരം CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. മെറ്റീരിയൽ സപ്ലൈ ഫയലുകൾ പരിശോധിച്ചതിൽ വിതരണക്കാർക്ക് തുക അനുവദിച്ചു നൽകിയപ്പോൾ

2.50 ലക്ഷം രൂപയ്ക്കു മുകളിൽ കരാർ തുകയുള്ള സാധനങ്ങളുടെ വിതരണത്തിന് സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കരാറുകാരന്റെ പേര് - ശ്രീ.രാജീവ്.പി.എം

ക്രമ നം.	പ്രവൃത്തിയുടെ പേര്	ബില്ലുകളുടെ എണ്ണം	കരാർ തുക/ ആകെ ബിൽ തുക	കുറവു ചെയ്യേണ്ടിയിരുന്ന തുക (ടി.ഡി.എസ്)
1	അണക്കാട്ട് ഉഷ രാജൻ വീട് മുതൽ ഉഷ രാമചന്ദ്രൻ വീട് വരെ (വാർഡ് നം-13)	3	385648	7713
2	കുമൻ വാസു വീടു മുതൽ കേലക്കാട് വീട് വരെ റോഡ് കോൺക്രീറ്റ് (വാർഡ് 3)	1	82627	1653
3	മുത്ത ചെട്ടി കൊളുമ്പ് ശ്രീധരൻ റോഡ് മുൻവശം റോഡ് കോൺക്രീറ്റ് (വാർഡ് നം-2)	1	107043	2141
4	വിളക്കനാം കോട് കുട്ടിയി മാണിക്യൻ വീട് മുൻവശം മുതൽ രാമകൃഷ്ണൻ വീട് വരെ റോഡ് കോണ്ടക്രീറ്റ് (വാർഡ് -4)	1	239420	4789
5	മീനാക്ഷി വേലായി വീട് മുതൽ കുഞ്ഞുവിന്റെ വീട് വരെ റോഡ് കോൺക്രീറ്റ് (വാർഡ് - 2)	2	198518	3971
6	മാരിയമ്മൻ കോവിൽ പിൻവശം പീടിക കോട്ട് റോഡ് കോൺക്രീറ്റ് (വാർഡ്-16)	2	203806	4076
7	കല്ലൻകാട് മാരിയമ്മൻ കോവിൽ പുറക് വശം റോഡ് കോൺക്രീറ്റ് (വാർഡ്-12)	3	420323	8407
8	കന്നിമാരി ചാമുണ്ണിയുടെ വീട് മുതൽ അസ്സനാർ വീട് വരെ റോഡ് കോൺക്രീറ്റ് (വാർഡ്-10)	2	63746	1275
9	പീലിയോട് ചെട്ടിത്തറ റോഡ്	1	194885	3898

	കോൺക്രീറ്റ് (വാർഡ്-14)			
10	അമ്പലപുറമ്പ് പാപ്പുത്തിയമ്മൻ വീടിന് സമീപം റോഡ് കോൺക്രീറ്റ് (വാർഡ്-14)	1	103182	2064
11	ചേരിങ്കൽ കിട്ടുചാമി വീടിന് മുൻവശം റോഡ് കോൺക്രീറ്റ് (വാർഡ്-15)	1	112545	2251
12	കുവല്ല ശശിയുടെ വീടിന് പുറക് വശം മുതൽ ലക്ഷ്മിയുടെ വീടിന് മുൻവശം വരെ കോൺക്രീറ്റ് റോഡ് (വാർഡ് നം-15)	1	179656	3593
13	കാമ്പ്രത്ത് കുളം റോഡ് കോൺക്രീറ്റ് (വാർഡ് നം-16)	1	198517	3971
14	കടുചിറ ചെട്ടിയാർ അമ്പലത്തിന് സമീപം റോഡ് കോൺക്രീറ്റ് (വാർഡ് നം-14)	1	70472	1410
15	റോഡ് കോൺക്രീറ്റ് കിണർ മുതൽ ചാന്ത് മുഹമ്മദ് വീട് വരെ കോൺക്രീറ്റ് (വാർഡ് നം-6)	2	311485	6230
16	കമ്പാലത്തറ മീരീൻ കുട്ടി ചരായക്കട മുതൽ പ്രകാശൻ വീട് വരെ റോഡ് കോൺക്രീറ്റ് (വാർഡ് നം-10)	2	224735	4495
17	വിളക്കനാംകോട് ജയന്റെ വീടിന് മുൻവശം തുടങ്ങി മുരളി ഗോപാലൻ വീടിന് മുൻവശം പ്രകാശൻ വീട് വരെ റോഡ് കോൺക്രീറ്റ് (വാർഡ് നം-4)	1	372734	7455
18	ജയന്തി നടരാജൻ വീട് മുതൽ സ്വാമിനാഥൻ വീട് വരെ റോഡ് കോൺക്രീറ്റ് (വാർഡ് നം-14,	1	123420	2469
ആകെ			**3592762**	**71861**

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20, 19-8-22)മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.എസ്.ടി ടിഡി.എസ് നടത്താതിരുന്നാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കരാറുകാർക്ക് കൈപ്പറ്റിയ തുകയ്ക്ക് ആനുപാതികമായി ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ

ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2021-22	10.8.2022 മുതൽ 22-8-2022 വരെ	ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2017-18	25123	ഗ്യാസ് ക്രീമട്ടോറിയം	0	25123
	2021-22	2750000	ഗ്യാസ് ക്രീമട്ടോറിയം	2226800	523200 (*)
	2018-19	500000	ഭവന നിർമ്മാണ സാമഗ്രിയൂണിറ്റ്	0	500000
	2019-20	67362 (**)	വൃദ്ധർക്ക് കട്ടിൽ	0	67362

	2021-22	9950		9950	0
	2021-22	1751200	ഉഴവുകൂലി	1751200	0
		460000	ലൈഫ്	460000	0
		1000000	ലൈഫ്-SCP	1000000	0
		50000	സ്കോളർഷിപ്പ്	50000	0
		65600	പാലിയേറ്റീവ്	65600	0
ജില്ലാ പഞ്ചായത്ത്	2021-22	3410000	ഉഴവുകൂലി	3410000	0
	2021-22	220000	ലൈഫ് മിഷൻ-ജനറൽ	220000	0
	2021-22	1000000	ലൈഫ് മിഷൻ-എസ്.സി	1000000	0

(*) സർക്കാരിലേക്ക് ട്രഷറി മുഖേന തിരിച്ചടച്ചു.
(**) മുൻ റിപ്പോർട്ടിൽ നീക്കിയിരിപ്പ് 64450 രൂപ എന്ന് ചേർത്തത് യഥാർത്ഥത്തിൽ 67362 രൂപയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക് നമ്പർ	ഡെപ്പോസിറ്റ് തുക	ബാക്കി
KSEB	105/22-തെരുവു വിളക്കു ലൈൻ എക്സ്ടൻഷൻ	CFC Tied - ഫണ്ട് നേരിട്ട് നൽകിയത്	2301161	വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല.
KSEB	174/22-എസ്.ടി കമ്മ്യൂണിറ്റി ഹാളിന് സോളാർ പാനൽ	39/19-3-22	160446	
KWA, പാലക്കാട്	211/22-കാഞ്ഞിരകുളമ്പ് കുടിവെള്ള പദ്ധതി	CFC Tied - ഫണ്ട് നേരിട്ട് നൽകിയത്	350000	
KWA, പാലക്കാട്	212/22-വിവിധ വാർഡുകളിൽ കുടിവെള്ളം ലഭ്യമാക്കൽ	CFC Tied- ഫണ്ട് നേരിട്ട് നൽകിയത്	206000	

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം ലഭിച്ചത്	ആകെ വായ്പാ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ലൈഫ്-KURDFC വായ്പ	-	60156188	0	60156188	3608000 (*)	0	56548188

ജനറൽ ഫണ്ടിൽ നിന്നും 3505334/- രൂപയും തിരിച്ചടവ് എസ്.സി.പി ഫണ്ടിൽ നിന്നും 102666/- രൂപയും ഉൾപ്പെടെ ആകെ 3608000/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 8028 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	തുക	രസീതി നം. / തിയതി	തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും
1997-98	20(2)	850	121050104100/8-2-22	ശ്രീമതി.സുധ.എസ്, അസി.എഞ്ചിനീയർ
1997-98	21(b)	1404	121050104101/8-2-22	
1998-99	22	1325	121050104103/8-2-22	
1999-00	2(21)	1441	121050104106/8-2-22	
2000-01	4	1642	121050104108/8-2-22	
2002-03	3-1, 3-2, 3-3	7253	121050104109/8-2-22	
2008-09	2(2)	150	121050104110/8-2-22	
ആകെ		14065		

വാർഷിക കണക്കിൽ RP-10 ൽ 180400101 എന്ന ഹെഡിൽ 8028 രൂപയാണ് ഓഡിറ്റ് റിക്കവറിയായി വരവു വെച്ചിട്ടുള്ളത്. ആകെ ഈടാക്കിയ 14065 രൂപയാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കരാറുകാരന് തിരികെ നൽകേണ്ടിയിരുന്ന 6037 രൂപ ഓഡിറ്റ് റിക്കവറിയിൽ നിന്നും ക്രമീകരിച്ചതിനാലാണ് വാർഷിക കണക്കിൽ 8028 രൂപ എന്ന് കാണിച്ചിട്ടുള്ളത്.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994 ലെ കേരള

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

0

	തുക (രൂപ)
മുന്നിരിപ്പ്	16417450
ഓഡിറ്റ് വർഷത്തെ വരവ്	101817931
ആകെ	118235381
ഓഡിറ്റ് വർഷത്തെ ചെലവ്	95717070
നീക്കിയിരിപ്പ്	22518311
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1125000

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-28	1125000	ശ്രീ.തങ്കരാജ്.പി, വി.ഇ.ഒ

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.തങ്കരാജ്.പി, വി.ഇ.ഒ	വി.ഇ.ഒ, മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്	രാജീവ് നഗർ, കന്നിമാരി(പി.ഒ), പാലക്കാട്-678534

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	എൽ.എഫ്.പി9/ 597/99/24-9-1999	8
1997-98	എൽ.എഫ്.പി12/244/03/ 2-4-2003	2
1998-99	എൽ.എഫ്.പി12/414/02/ 1-10-2002	8
1999-2000	എൽ.എഫ്.പി11/1557/09/ 6-9-2010	2
2000- 01	എൽ.എഫ്.പി11/1247/08/ 19-2-2009	7
2001-02	എൽ.എഫ്.പി11/1542/09/ 13-4-2010	2
2002-03	എൽ.എഫ്.പി11/79/09/ 11-2-2009	1
2003-04	എൽ.എഫ്.പി11/948/08/ 22-10-2009	6
2004-05	എൽ.എഫ്.പി11/1371/11/ 20-9-2011	4
2005-06	എൽ.എഫ്.പി19/595/15/ 11-6-15	7
2006-07	എൽ.എഫ്.പി11/1332/ Spl.Cell/C.Sc/D3/12/1-1-13	2
2007-08	എൽ.എഫ്.പി11/375/12/ 10.4.12	7
2008-09	എൽ.എഫ്.പി11/1979/11/ /16-1-12	6
2009-10 & 2010-11	കെ.എസ്.എ.പി.കെ.ഡി-19/328/16(2)/20.3.17	11
2011-12	കെ.എസ്.എ.പി.കെ.ഡി-19/481/14/ 3.514	11
2012-13	കെ.എസ്.എ.പി.കെ.ഡി-19/392(1)/15/ 20.4.17	7
2013-14 &	കെ.എസ്.എ.പി.കെ.ഡി-19/466/16/ 4-4-17	12

2014-15		
2015-2016	കെ.എസ്.എ.പി.കെ.ഡി-19/119/ 17/8-2-17	3
2016-17	കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017	14
2017-2018	കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017	24
2018-19	കെ.എസ്.എ.പി.കെ.ഡി-19-2119/2018/14-11-2018	24
2019-2020	കെ എസ് എ പി കെ ഡി -19-674/2021/28-6-21	24
2020-21`	കെ എസ് എ പി കെ ഡി-19-1321/21 /3-11-21	6

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
വാർഷിക കണക്ക്-വിവിധ പത്രികകൾ

1. Receipt and Payment Statement

For the period from 01-April-2021 to 31-March-2022			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	16401007.00
Cash	Cash	RP-40(a)	16443.00
	Operating		
110000000	Tax Revenue	RP-1	986440.00
140000000	Fees & User Charges	RP-4	2017255.00
150000000	Sale & Hire Charges	RP-5	166436.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	72632073.00
171000000	Interest Earned	RP-9	162937.00
320000000	Grants, Funds & Contributions for Specific Purposes	RP-31	15164169.00
350000000	Other Liabilities	RP-36	124640.00
	Non Operating		
180000000	Other Income	RP-10	12228.00
311000000	Earmarked Funds	RP-29	3100.00
340000000	Deposits Received	RP-34	141909.00
350000000	Other Liabilities	RP-36	139238.00
431000000	Sundry Debtors (Receivables)	RP-43	9552496.00
460000000	Loans, Advances and Deposits	RP-47	715010.00
	Grand total		**118235381.00**
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	3770993.00
220000000	Administrative Expenses	RP-12	1858445.00
230000000	Operations & Maintenance	RP-13	3128094.00
250000000	Decentralised Plan Programme- Productive Sector	RP-15	13209752.00

251000000	Decentralised Plan Programme- Service Sector	RP-16	23754310.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	3690229.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	594942.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	1452222.00
255000000	Maintenance Projects	RP-20	11331731.00
256000000	Other Revenue Grants and Funds - Revenue Expenses	RP-21	380078.00
280000000	Prior Period item	RP-26	1248120.00
320000000	Grants, Funds & Contributions for Specific Purposes	RP-31	7663690.00
350000000	Other Liabilities	RP-36	8837371.00
	Non Operating		
240000000	Interest & Finance Charges	RP-14	735.00
280000000	Prior Period Item	RP-26	-3580.00
340000000	Deposits Received	RP-34	30459.00
350000000	Other Liabilities	RP-36	3323570.00
410000000	Fixed Assets	RP-38	978419.00
412000000	Capital work in Progress	RP-40	5825273.00
431000000	Sundry Debtors (Receivables)	RP-43	1618349.00
460000000	Loans, Advances and Deposits	RP-47	3023868.00
	Closing Balance		
Bank	Bank	RP-40(b)	22508074.00
Cash	Cash	RP-40(b)	10237.00
	Grand Total		**118235381.00**

2. Income and Expenditure Statement

For the period from 01-April-2021 to 31-March-2022			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	3404604.00
130000000	Rental Income from Panchayat / Municipal Properties	I-3	122974.00
140000000	Fee & User Charges	I-4(b)	2096505.00
150000000	Sale & Hire Charges	I-5(b)	166436.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	206163549.00
171000000	Interest Earned	I-8	162937.00
180000000	Other Income	I-9	12228.00
	Total Income		**212129233.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	13568155.00
220000000	Administrative Expenses	I-11(b)	1858445.00
230000000	Operations & Maintenance	I-12(b)	3128094.00
240000000	Interest & Finance Charges	I-13	735.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	13209752.00
251000000	Decentralised Plan Programme-Service Sector	I-14(a)	93360895.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	3690229.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	594942.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	67242322.00
255000000	Maintenance Projects	I-14(e)	11331731.00
256000000	Other Revenue Grants and Funds - Revenue Expenses	I-15(a)	380078.00
	Total Expenditure		**208365378.00**
	Gross Surplus/ Deficit of income over Expenditure		**3763855.00**
280000000	Prior Period Item	I-18	1240540.00
	Gross Surplus/Deficit of Income over Expenditure after prior period items.		**2523315.00**
290000000	Transfer to Reserve Funds	I-18(a)	0.0

3. Balance Sheet

For the period from 01-April-2021 to 31-March-2022			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	26354278.11
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	22052.00
312000000	Reserves	B-3	96232087.00
	Total Reserve & Surplus		**122608417.11**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	7972193.00
	Total Grants, Contributions for Specific Purposes		**7972193.00**
	Loans		
330000000	Secured Loans	B-5	56548188.00
	Total Loans		**56548188.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	728158.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	1003104.89
	Total Current Liabilities and Provisions		**1731262.89**
	TOTAL LIABILITIES		**188860061.00**
	ASSETS		
	Fixed Assets		

410000000	Fixed Assets	B-11	111133303.00
411000000	Accumulated Depreciation	B-11	-8712042.00
412000000	Capital Work in Progress	B-11(a)	2765183.00
	Total Fixed Assets		**105186444.00**
	Investments		
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	1934622.00
440000000	Pre-paid Expenses	B-16	56548188.00
450000000	Cash and Bank Balance	B-17	22518311.00
460000000	Loans, Advances and Deposits	B-18	2672496.00
Total Current Assets, Loans and Advances			**83673617.00**
Other Assets			
Miscellaneous Expenditure (To the Extent not written off)			
TOTAL ASSETS			**188860061.00**

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)